

In the Name of Allah, The Most Gracious, The Most Merciful

# FRIDAY SERMON

## HAZRAT AMIR'UL MOMENEEN MUHYI-UD-DIN MUNIR AHMAD AZIM (atba)

## 05 October 2007

## (SUMMARY OF THE SERMON)

# THE NIGHT OF DECREE
# ലൈലത്തുൽ ഖദ്ർ

ഹസ്രത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് അസീം (atba) 2007 ഒക്ടോബർ 05-ാം തീയതി വെള്ളിയാഴ്ച നടത്തിയ ജുംഅ ഖുത്തുബാ സംക്ഷിപ്തം

ജമാഅത്ത് അംഗങ്ങൾക്ക് സലാം ചൊല്ലി, തശഹ്ഹുദ്, തഅവ്വുദ്, സൂറ ഫാത്തിഹ ഓതിയ ശേഷം ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്‌യിദ്ദീൻ മുനീർ അഹ്മദ് അസീം(atba) വിശുദ്ധഖുർ ആനിലെ 97-ാം അധ്യായമായ **അൽഖദ്ർ** ൽ നിന്നും 2 മുതൽ 6 വരെയുള്ള വചനങ്ങൾ ഓതി വിശദീകരണം നല്കുകയുണ്ടായി.

إِنَّآ أَنزَلۡنَٰهُ فِي لَيۡلَةِ ٱلۡقَدۡرِ ١ وَمَآ أَدۡرَىٰكَ مَا لَيۡلَةُ ٱلۡقَدۡرِ ٢
لَيۡلَةُ ٱلۡقَدۡرِ خَيۡرٞ مِّنۡ أَلۡفِ شَهۡرٖ ٣ تَنَزَّلُ ٱلۡمَلَٰٓئِكَةُ وَٱلرُّوحُ
فِيهَا بِإِذۡنِ رَبِّهِم مِّن كُلِّ أَمۡرٖ ٤ سَلَٰمٌ هِيَ حَتَّىٰ مَطۡلَعِ ٱلۡفَجۡرِ ٥

സത്യമായും നാം ഇതിനെ (ഖുർആനെ) നിർണ്ണയ രാവിൽ അവതരിപ്പിച്ചിരിക്കുന്നു. **നിർണ്ണയരാവ് എന്തെന്ന് നിനക്കെന്തറിയാം?** നിർണ്ണരാവ് ആയിരം മാസങ്ങളേക്കാൾ ഉത്തമമാകുന്നു. അതിൽ മലക്കുകളും, ആ പരിപൂർണ്ണാത്മാവും, തങ്ങളുടെ നാഥന്റെ അനുമതിയോടെ സകല കല്പനകളും കൊണ്ട് ഇറങ്ങുന്നതാണ്. അത് തികച്ചും സമാധാനമാകുന്നു പ്രഭാതോദയം വരെ. (**അൽഖദ്ർ** 2 -6)

**2. സത്യമായും നാം ഇതിനെ (ഖുർആനെ) നിർണ്ണയ**

**രാവിൽ അവതരിപ്പിച്ചിരിക്കുന്നു. എന്താണ് വിധി നിർണ്ണയ രാവ്?**

ഈ നിർണ്ണയരാവിൽ മാനവകുലത്തിന് അല്ലാഹു എന്ത് അനുഗ്രഹമാണ് വർഷിച്ചത്? അത് വിശുദ്ധഖുർആൻ ആകുന്നു. അല്ലാഹുവിന്റെ വചനങ്ങൾ അടങ്ങിയിരിക്കുന്ന മഹത്തായ ഗ്രന്ഥം. ഇതാണ് അല്ലാഹുവിന്റെ ഏറ്റവും മഹത്തായ വിധി.

**അൽഖദ്ർ** (വിധി) ന് ആഴമേറിയ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നു. മനുഷ്യരായ നാം നമ്മുടെ വിധിയെ വിശകലനം ചെയ്യുമ്പോൾ, നാം ഇങ്ങനെ പറയുക പതിവാണ്. ഞാൻ വലിയ തറവാട്ടിൽ, രാജകീയ കുടുംബത്തിലാണ് ജനിച്ചത്. ഞാൻ സമ്പന്നനാണ്, രാജകുമാരനാണ്. അതുകൊണ്ട് എനിക്ക് നല്ല ഭാവിയുണ്ട് എന്നൊക്കെ! അതല്ലെങ്കിൽ നാം പറയും, എനിക്ക് വിദ്യാസമ്പന്നനായ ഒരു മകനുണ്ട്. അവനിപ്പോൾ രാജ്യത്തിന്റെ പ്രധാനമന്ത്രിയാണ്. അവന് ഇന്ന മോഡൽ കാറുണ്ട്! നോക്കിക്കേ അവന്റെ തലയിലെഴുത്ത് എത്ര നല്ലതാണ്. ഇവിടെയാണ് മനുഷ്യരായ നമുക്ക് തെറ്റിയിരിക്കുന്നത്. അല്ലാഹു ഈ അധ്യായത്തിൽ ഭൗതികമായ വിധിയെപറ്റിയല്ല പ്രതിപാദിച്ചിരിക്കുന്നത്. ഇവിടെ ഏതു വിധിയാണ്, വെളിപ്പെട്ടിരിക്കുന്നത്? അത് അല്ലാഹു തന്റെ റസൂൽ (സ)യ്ക്ക് നൽകിയ ഏറ്റവും മഹത്തായ വിധിയാണ്. റമദാനിൽ, അല്ലാഹു അവന്റെ പരിശുദ്ധമായ വചനങ്ങളെ തിരുനബി(സ)യ്ക്ക് ഇറക്കി നല്കിയ വിധി. എങ്ങനെയാണ് ഈ പരിശുദ്ധവചനങ്ങൾ ഇറങ്ങുന്നത്? വെളിപാടുകളിലൂടെയാണ് അല്ലാഹു(ത) തന്റെ പ്രിയ പ്രവാചകൻ (സ)യ്ക്ക് തന്റെ തിരുവചനങ്ങളെ ഇറക്കിക്കൊടുത്തത്. റമദാനിൽ ആ മഹത്തായ രാവിൽ-നിർണ്ണയ രാവിൽ ജിബ്‌രീൽ (അ) ഹസ്രത്ത് റസൂൽ(സ)യ്ക്ക് ഈ സന്ദേശങ്ങൾ പകർന്നു നല്കുന്നതിനായി ഹാജരായി. ഈ സൂറത്ത് റമദാനിൽ പ്രത്യേകിച്ച് അവസാനത്തെ പത്തിൽ, നിരന്തരം ഓതിക്കൊണ്ടിരിക്കേണ്ടതാണ്. ഓരോ വിശ്വാസിയുടെയും വിധിയെ പ്രകാശപൂരിതമാക്കുവാനായി, റമദാനിലെ നിർണ്ണയരാവിൽ അവതരിച്ച വിശുദ്ധഖുർആനിലെ 97-ാം അധ്യായമാണ് ഈ സൂറത്ത്.

**വിശ്വാസികളെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.**

1. അല്ലാഹുവിന്റെ പ്രവാചകൻ(സ)ലൂടെ ലഭ്യമായ സന്ദേശങ്ങളെ വിശ്വസിക്കുന്നവർ. തങ്ങൾക്കെന്തു തന്നെ സംഭവിച്ചാലും ശരി, അവരെ സംബന്ധിച്ചിടത്തോളം വിശുദ്ധഖുർആൻ അവതരിച്ചിരിക്കുന്നത്, അവരെ ആത്മീയമായി ഉയർത്തി, അവരുടെ വിശ്വാസത്തെ ഉറപ്പിച്ച്, അല്ലാഹുവിന്റെയും അവന്റെ റസൂലി (സ)ന്റെയും സന്ദേശങ്ങളിൽ അടിയുറച്ച് നിർത്തുന്നതിനു വേണ്ടിയാണ്.

2. മുസ്ലിംകൾ: ഇവരെ സംബന്ധിച്ചിടത്തോളം വിശുദ്ധഖുർആൻ അവതരിച്ചിരിക്കുന്നത്, അവരുടെ വിശ്വാസത്തെ ക്രോഡീകരിയ്ക്കുന്നതിനും, നിരന്തരം പ്രാർത്ഥനകളിലും, ദിക്റെ ഇലാഹിയിലും മുഴുകുന്നതിനും, മാനവസമൂഹത്തിന് ഇസ്ലാമിനെ പ്രചരിപ്പിക്കുന്നതിനായി പ്രവാചകൻ (സ)യ്ക്ക് കരുത്തു പകരുന്നതിനും, അല്ലാഹുവിനെ മുറുകെ പിടിക്കുന്നതിനും വേണ്ടിയാണ്. അവർ അല്ലാഹുവിന്റെ ആജ്ഞകൾക്ക് പൂർണ്ണമായി കീഴടങ്ങുന്നവരും അനുസരിയ്ക്കുന്നവരും ആകുന്നു.

3. തിരുനബി(സ)യിലും, വിശുദ്ധഖുർആൻ സന്ദേശങ്ങളിലും വിശ്വസിച്ച സാധാരണക്കാർ, ഇത്തരം ആൾക്കാരെ അവർ പിന്തുടർന്നു വന്ന ആചാരാനുഷ്ഠാനങ്ങളിൽ നിന്നും, അനിസ്ലാമിക സമ്പ്രദായങ്ങളിൽ നിന്നും പിൻതിരിപ്പിക്കുകയും, നേർമാർഗ്ഗത്തിലേക്ക് വഴി നടത്തുകയും ചെയ്യേണ്ടതുണ്ട്.

ഇത്തരം ആൾക്കാർ തങ്ങളുടെ കാടത്തം നിറഞ്ഞ ജീവിതരീതിയിൽ പെട്ട് ഉഴലുന്നവരാണ്. അവരെ സ്വയം നന്നാകുന്നതിനും, അതുവഴി മാനവസമൂഹത്തിനെ നന്നാക്കുവാൻ സഹായിക്കുന്നതിനും പഠിപ്പിക്കേണ്ടതുണ്ട്.

ഇതിനെയാണ് മഹത്തായ വിധി, ഔദാര്യം, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എന്നൊക്കെ പറയുന്നത്. അസംസ്കൃതമായ ജീവിത രീതിയിൽ നിന്നും മാറി അല്ലാഹുവിന്റെ സമ്പൂർണ്ണ ഭക്തരായി മനുഷ്യരെ മാറ്റുന്നതിനുള്ള ഒരേയൊരു മാർഗ്ഗദർശന ഗ്രന്ഥം വിശുദ്ധഖുർആൻ ജീവിതത്തിൽ ലഭിക്കാവുന്ന ഏറ്റവും മഹത്തായ വിധി. അവൻ സാധാരണക്കാരനായ ഒരു മനുഷ്യ

നിൽ നിന്നും, അല്ലാഹുവിനു മാത്രം കീഴ്വണങ്ങുന്ന ഭക്തദാസനായി മാറുന്നതിൽ വിജയിക്കുന്നു. അവൻ തന്റെ ഐഹികവും, പാരത്രികവുമായ ജീവിതത്തിൽ വിജയശ്രീലാളിതനായി മാറും.

വിശുദ്ധഖുർആൻ അല്ലാഹുവിന്റെ ഗ്രന്ഥമാകുന്നു. നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും ഉള്ള പരിഹാരം ഈ ഗ്രന്ഥത്തിലുണ്ട്. ഇതിൽ 700 കല്പനകൾ അടങ്ങിയിരിക്കുന്നു. ഒരു മനുഷ്യന്റെ ജീവിതത്തിൽ ചട്ടങ്ങളും, നിയമങ്ങളും പാലിക്കുന്നതിനുള്ള ജീവിതക്രമമാണ് ഇത്. ഹസ്രത്ത് ജിബ്രീൽ(അ) എന്ന മലക്കു മുഖാന്തിരം നമ്മുടെ പ്രിയങ്കരായ പ്രവാചകൻ (സ)ക്ക് വെളിപ്പെടുത്തപ്പെട്ടതാണ് ഇത്. ഈ പവിത്രഗ്രന്ഥത്തിൽ, നാം ചെയ്യുന്ന ഓരോ ദുഷ്കൃത്യങ്ങൾക്ക്/കുറ്റത്തിന് ലഭിക്കുന്ന ശിക്ഷാനടപടിക്രമങ്ങളെക്കുറിച്ചും ഏകനായ അല്ലാഹുവിന്റെ തൃപ്തി ലക്ഷ്യമാക്കി ചെയ്യുന്ന എല്ലാ ഓരോ നന്മയ്ക്കും സത്കർമ്മത്തിനും ലഭിക്കുന്ന പാരിതോഷികത്തെക്കുറിച്ചും വ്യക്തമായി വിശദീകരിച്ചിരിക്കുന്നു.

## 3. നിർണ്ണയരാവ് എന്തെന്ന് നിനക്കെന്തറിയാം?

ഈ വചനത്തെപ്പറ്റിയും, കഴിഞ്ഞ വചനത്തിൽ വിശദമാക്കിയിരിക്കുന്നു. അല്ലാഹു(ത) മനുഷ്യന്റെ മനസ്സിൽ ആഴത്തിൽ കൊള്ളത്തക്കവിധം അവനെ ഇരുത്തിച്ചിന്തിപ്പിക്കുവാനായി ചോദിയ്ക്കുന്നു. ഇതിലും മെച്ചപ്പെട്ട എന്തുവിധിയാണ് നിന്റെ ജീവിതത്തിൽ നിനക്കു വേണ്ടത്? നിങ്ങൾക്ക് ഇതിലും മെച്ചമായ ഏത് അനുഗ്രഹമാണ് ഇനി ഈ ലോകത്ത് ലഭിക്കാവുന്നത്? ഈ മനോഹരമായ വിധിയെക്കാൾ മെച്ചമായ വേറെ എന്താണ് ഉള്ളത്. ഇതിൽപരം നിങ്ങൾക്ക് എന്താണ് വേണ്ടത്? ജീവിതത്തിലെ എറ്റവും മഹത്തായ കാര്യം പ്രസ്തുത നിർണ്ണയരാവാണ്. വിശുദ്ധഖുർആനും ഏറ്റവും മഹത്തായ അനുഗ്രഹത്തിലേക്ക് നമ്മെ നയിക്കുന്നതിലൂടെ, നാം ഇന്നേദിവസം അനുഗ്രഹിയ്ക്കപ്പെട്ടിരിക്കുന്നു. ആ മഹത്തായ അനുഗ്രഹം അല്ലാഹു ആണ്. നിർണ്ണയരാവ് എല്ലാ ദിവസവും സംഭവിക്കുന്ന

ഒന്നല്ല. റമദാന്റെ അവസാനത്തെ 10 ദിനങ്ങളിലാണ് അല്ലാഹു അത് സാക്ഷാത്ക്കരിച്ചു തരിക. അതും അല്ലാഹുവിന്റെ തൃപ്തിയ്ക്കായി നോമ്പനുഷ്ഠിയ്ക്കുകയും, ഇഅ്തികാഫ് ഇരിക്കുകയും ചെയ്യുന്ന ഭക്തദാസർക്കുമാത്രം! അങ്ങനെയുള്ള ഇത്തരം ഭക്തദാസർക്ക് അല്ലാഹു(ത)വി ന്റെയും അവന്റെ റസൂൽ(സ)ന്റേയും ആജ്ഞകൾ പാലിച്ച് ഇഹലോകത്തു നിന്നു 10 ദിവസം പിൻവാങ്ങി ജീവിതം നയിക്കുന്നു. അത് വെറുതെ എല്ലാവർക്കും അല്ലാഹു അനുഭവവേദ്യമാക്കി നല്കുകയില്ല. അതിന് പാലിക്കേണ്ടതായ ചില ചിട്ടവട്ടങ്ങൾ ഉണ്ട്. അത് പാലിയ്ക്കുന്നവർക്കു മാത്രമേ നിർണ്ണയരാവിന്റെ അനുഗ്രഹങ്ങൾ ലഭിയ്ക്കുകയുള്ളു.

അർഹതപ്പെട്ട ഏതൊരു ഭക്തദാസനും ഈ നിർണ്ണയരാവിന്റെ അനുഗ്രഹം അല്ലാഹു നല്കുക തന്നെ ചെയ്യും എന്ന കാര്യം ഓർത്തുകൊള്ളുക. തന്റെ ഭക്തനായ വിശ്വാസികളുടെ ഭക്തിയുടെ നിലവാരം ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹു ആകുന്നു.

ലൈലത്തുൽ ഖദ്ർ അനുഭവവേദ്യമാകുന്നത് പലതരത്തിലാണ്. ചിലർക്ക് അത് ഒരു സ്വപ്നദർശനമാകാം. മറ്റ് ചിലർക്ക് അല്ലാഹുവിൽ നിന്നിറങ്ങുന്ന ഒരുവെളിപാട് മുഖേന ആകാം. അതല്ലെങ്കിൽ അല്ലാഹുവിന്റെ സമക്ഷത്തു നിന്നുള്ള ശക്തമായ ഒരു പ്രകാശമായോ, അല്ലാഹുവിന്റെ പ്രവാചകനിൽ നിന്നും ലഭിക്കുന്ന വെളിപാടായോ ഒക്കെ ഒരു ഭക്തദാസന് അത് അനുഭവപ്പെടുന്നതാണ്.

അല്ലാഹു ഇച്ഛിക്കുന്നുവെങ്കിൽ അവന് ഏതു സമയത്തും ഏതു സ്ഥലത്തും തന്റെ ഒരു ദൂതനെ തെരെഞ്ഞെടുക്കാവുന്നതാണ്. നിങ്ങൾക്ക് വെളിപാടുകൾ ഇറക്കിത്തരികയും നിങ്ങളെ അല്ലാഹു പ്രവാചകൻ(സ) യെ എല്ലാ സന്ദർഭത്തിലും സഹായിക്കുവാനായി പ്രവാചകൻ(സ) യുടെ ഏറ്റവും അടുത്തയാളായി നിങ്ങളെ തെരെഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നു എന്ന് കരുതുക. അങ്ങനെയെങ്കിൽ അതിനർത്ഥം നിങ്ങൾക്ക് ലൈലത്തുൽ ഖദ്ർ അനുഭവവേദ്യമായി എന്നാണ്. അതിലും വലുത് വേറേ എന്താണ് ഒരാൾക്ക് തന്റെ ജീവിതത്തിൽ വേണ്ടത്?

ഓർത്തുകൊള്ളുക, അല്ലാഹു(ത) ഞാൻ ഇച്ഛിക്കുന്നവർക്ക് അവന്റെ അനുഗ്രഹങ്ങളും, ദയാവായ്പും, ലൈലത്തുൽ ഖദ്ർ ഉം നല്കും.

ഒരുത്തർക്കും ഈ സത്യത്തെ തിരസ്കരിക്കുവാൻ സാധ്യമല്ല. നിങ്ങൾ സന്തോഷവാനായാലും ശരി, ദുഃഖിതനായാലും ശരി, അല്ലാഹുവിന്റെ ഇച്ഛയെ തടസ്സപ്പെടുത്തുവാൻ ആർക്കും കഴിയുകയില്ല.

ഈ ലൈലത്തുൽ ഖദ്ർ -ന്റെ ഗുണങ്ങൾ ഉൾക്കൊള്ളുന്നവർ ആരാണ്?

ഹൃദയനൈർമ്മല്യവും, ഭക്തിയും, സ്നേഹവും, ക്ഷമയും ആത്മാർത്ഥതയുമുള്ള, സദാ അല്ലാഹുവിനെ സ്മരിക്കുകയും, പ്രാർത്ഥനയിൽ മുഴുകയും ചെയ്യുന്ന, സത്കർമ്മകാരികളായ ഭക്തദാസന്മാരാണ് അക്കൂട്ടർ.

4. നിർണ്ണയരാവ് ആയിരം മാസങ്ങളേക്കാൾ ഉത്തമമാകുന്നു.

അവസാനത്തെ പത്ത് ദിനങ്ങളിൽ ഒന്നിൽ വെളിപാട് സ്വീകരിക്കുന്നതിനുള്ള ഭാഗ്യം ലഭിക്കുകയോ, അല്ലെങ്കിൽ വെളിപാടിറങ്ങുന്നതിന് സാക്ഷ്യം വഹിക്കുവാനുള്ള അവസരം ലഭിക്കുകയോ ചെയ്യുകയാണെങ്കിൽ, നിങ്ങളെ അല്ലാഹുവിന്റെ തെരെഞ്ഞെടുക്കപ്പെട്ട ഭക്തദാസരായി കണക്കാക്കപ്പെടുന്നതാണ്.

ആയിരം മാസങ്ങൾ ജീവിച്ചിരിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായതും, ഒരാൾക്ക് ലഭിക്കാവുന്ന മഹത്തായതുമായ ഉപഹാരം ഇതു തന്നെയാണ്.

നിങ്ങൾ ഈ വചനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുവോ?

ഈ ഒരൊറ്റ നിർണ്ണയരാവ് ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമാണ്. മാഷാ അല്ലാഹ്! അൽഹംദിലില്ലാഹ്!

ഇതൊരു ആയിരം ദിവസത്തിന്റെയോ, ആയിരം ആഴ്ചകളുടേയോ കാര്യമല്ല. പ്രിയസഹോദരീ സഹോദരന്മാരേ! ഇത് 83 വർഷത്തിനും 4 മാസത്തിനും തുല്യമായ ആയിരം മാസങ്ങളാണ് ! ഒരു മനുഷ്യന്റെ ശരിയായ ജീവിത കാലയളവ് ആണത്.

അങ്ങനെ വരുമ്പോൾ, നിങ്ങൾക്ക് ലൈലത്തുൽഖദ്ർ അല്ലാഹു അനുഭവവേദ്യമാക്കിത്തരുകയാണെങ്കിൽ, ആ അനു

ഗ്രഹം നിങ്ങളുടെ 83വർഷത്തെയും 4 മാസത്തെയും ജീവിതത്തിനു തുല്യമായി. അതിനാൽ 83വർഷം 4മാസം അല്ലാഹുവിന്റെ അനുഗ്രഹത്തിനു തുല്യമായ ലൈലത്തുൽ ഖദ്ർ നു വേണ്ടി നമുക്ക് പരിശ്രമിയ്ക്കാം.

ഈ മഹത്തായ സമ്മാനം, എന്ന്, എപ്പോൾ നല്കുമെന്ന് അല്ലാഹു ആർക്കും വെളിപ്പെടുത്തി കൊടുത്തിട്ടില്ല. ലൈലത്തുൽ ഖദ്ർ എന്ന സമ്മാനവുമായി അല്ലാഹു(ത) ഭൂമിയിലേക്ക് മലക്കുകളെ നിയോഗിച്ചയ്ക്കുന്നതാണ്.

ഹദീസിൽ റിപ്പോർട്ട് ചെയ്തിരിക്കുന്ന ഒരു സംഭവകഥ നോക്കാം; തിരുനബി(സ)യുടെ സഹാബിമാരിലൊരാൾ തിരുനബി(സ)യോട് ലൈലത്തുൽ ഖദ്റിനെപറ്റി ചോദിക്കുകയുണ്ടായി.

തിരുനബി(സ) അതിനു മറുപടി പറയുവാൻ ഒരുങ്ങനെ കൂടിയിരുന്ന സഹാബികൾ മറ്റെന്തോ ഒച്ചയിൽ ചർച്ചചെയ്യുവാനാരംഭിച്ചു.

ഇത് അല്ലാഹു (ത)യ്ക്ക് ഇഷ്ടപ്പെടാതെ വരികയും, ലൈലത്തുൽ ഖദ്ർ രാവിന്റെ കൃത്യദിനം തിരുനബി(സ) മറന്നു പോവുകയും ചെയ്തു. അങ്ങനെ ഏതുദിനമാണ് കൃത്യമായി ലൈലത്തുൽ ഖദ്ർ ഉണ്ടാവുക എന്നതിനെക്കുറിച്ച് തിരുനബി(സ) പൂർണ്ണമായി മറന്നുപോവുകയും ചെയ്തു.

തിരുനബി(സ) യ്ക്ക് ലൈലത്തുൽ ഖദ്ർ റമദാൻ അവസാനത്തെ 10 ദിനങ്ങളിലാണെന്നും അവയിലെ ഒറ്റരാവുകളായ 21, 23, 25, 27, 29 ദിനങ്ങളിൽ കാത്തുകൊള്ളുക എന്നും മാത്രമേ പറയുവാൻ സാധിച്ചുള്ളൂ.

## എന്തുകൊണ്ട് ഒറ്റരാവുകൾ?

കാരണം സ്രഷ്ടാവായ അല്ലാഹു ഒറ്റയാണ്. അല്ലാഹു ഒരേ ഒരുദൈവം ആകുന്നു. ലൈലത്തുൽ ഖദ്ർ അനുഭവിച്ചിട്ടുള്ളവർ എത്ര സന്തോഷവാന്മാരായിരിക്കും? അവർക്ക്, അല്ലാഹുവിൽ നിന്നും വളരെ നേരിയ ഒരു സ്വപ്നദർശനം മാത്രമേ ഉണ്ടായിട്ടുള്ളൂ എങ്കിൽ പോലും, അവർ ആത്മീയ സന്തോഷം കൊണ്ട് മതിമറക്കുന്നവരായി മാറും, ലോകത്തിലെ ഏറ്റവും ഭാഗ്യവാന്മാർ തങ്ങളാണെന്ന് അവർ കരുതും, അതു ശരിയുമാ

ണ്.

ഇനി ഞാൻ എന്റെ അനുഭവം നിങ്ങളോട് പങ്കുവെയ്ക്കുകയാണ്. മസ്ജിദിൽ, ഇഅ്തികാഫുമായിരുന്ന ഭക്തരുമായി സംസാരിച്ചപ്പോൾ, അവർ, തങ്ങൾ മഞ്ഞുതുള്ളികൾപോലെയുള്ള തൂവൽമഴച്ചാറ്റൽ അനുഭവപ്പെടുന്ന ഒരു പച്ചപ്പുനിറഞ്ഞ താഴ്വരയിൽ എത്തിയതുപോലെ സ്വപ്നത്തിൽ കണ്ടു എന്നു പറയുകയുണ്ടായി. ഇത് അവരുടെ സന്തോഷത്തെയും, സംതൃപ്തിയെയും സൂചിപ്പിക്കുന്നു.

വെളിപാട് ലഭിക്കുകയോ, അതിന് സാക്ഷ്യം വഹിക്കുകയോ ചെയ്യുന്നവർക്കുണ്ടാകുന്ന സന്തോഷവും സംതൃപ്തിയും എത്രമാത്രമായിരിക്കും എന്നലോചിച്ചു നോക്കൂ! ഈ ലോകത്തിലെ ഏറ്റവും സന്തോഷവാനായ ആൾക്കാർ അവരായിരിക്കും.

**5. അതിൽ മലക്കുകളും ആ പരിപൂർണ്ണാത്മാവും, തങ്ങളുടെ നാഥന്റെ അനുമതിയോടെ സകലകല്പനകളും കൊണ്ട് ഇറങ്ങുന്നതാണ്.**

ലൈലത്തുൽ ഖദ്ർ രാവിൽ, വെളിപാടുകളുടെ മലക്ക് ആയ ഹസ്രത്ത് ജിബ്രീൽ (അ) അല്ലാഹുവിന്റെ എല്ലാ കല്പനകളും കൊണ്ട് അവന്റെ അനുമതിയോടെ ഇറങ്ങുന്നു. ഇത് സൂചിപ്പിക്കുന്നത് അല്ലാഹുവിന്റെ കല്പനകൾ നടപ്പിലാക്കുന്നതിന് മലക്കുകൾക്കും പ്രത്യേക അനുമതി അവനിൽ നിന്നും ലഭിക്കേണ്ടതുണ്ട് എന്നാണ്. നിർണ്ണയരാവിൽ, അല്ലാഹു(ത) ഹസ്രത്ത് മുഹമ്മദ് (സ)യ്ക്ക്, വെളിപാടുകൾ നല്കുന്നതിനുള്ള ആജ്ഞകൾ ഹസ്രത്ത് ജിബ്രീൽ(അ)നു നല്കി. വെളിപാടുകൾ ഇറക്കുന്ന ചുമതലയുള്ള ഹസ്രത്ത് ജിബ്രീൽ (അ)യ്ക്കു ലൈലത്തുൽ ഖദ്ർ അനുഭവവേദ്യരാകാൻ അർഹതയുള്ള ഭക്തദാസർക്ക് അത് നല്കുന്നതിനുള്ള, കല്പനകൾ അല്ലാഹുവിൽ നിന്നും ലഭിക്കുന്നു. അങ്ങനെയുള്ള ഭക്തദാസരാണ്, അല്ലാഹുവിന്റെ തെരെഞ്ഞെടുക്കപ്പെട്ട ദാസന്മാരും, അങ്ങേയറ്റം ഭാഗ്യവാന്മാരും ആയവർ!

**6. അത് (തികച്ചും) സമാധാനമാകുന്നു. പ്രഭാതോദയം വരെ.!**

ഈ രാവിൽ അല്ലാഹുവിന്റെ തെരെഞ്ഞെടുക്കപ്പെട്ട ഭക്ത ദാസന്മാർക്ക്, അവർ പ്രഭാതത്തിൽ ഉണർത്തെണീക്കുന്നതു വരെ, മനഃസ്സമാധാനവും, ഹൃദയശാന്തിയും സന്തോഷവും അനുഭവിച്ചുകൊണ്ടേയിരിക്കും, ഇതിനർത്ഥം അവരുടെ ജീവിതത്തിൽ ആത്മസംതൃപ്തിയുടെ ഒരു പുതുകിരണം സംജാതമാവുന്നു എന്നാണ്, അതായത്, അവർക്ക് ആത്മസംതൃപ്തി ലഭ്യമാകുന്നു. ഓരോരുത്തരും തങ്ങളുടെ ഇഅ്തികാഫ് അനുഭവങ്ങൾ പരസ്പരം പങ്കുവെച്ച് തങ്ങൾക്ക് ലഭിച്ച സമാധാനവും, സംതൃപ്തിയും പരസ്പരം അറിയിച്ച്, ആത്മനിർവൃതി തേടുന്നു. അല്ലാഹുവിന്റെ പ്രവാചകൻ(സ) ലൈലത്തുൽ ഖദ്ർ ലഭ്യമാവുമ്പോൾ ആ പുണ്യജലത്തിൽ നിന്ന് തന്റെ അനിയായികൾക്കും പങ്കുവെച്ച് നല്കുകയും ചെയ്യുന്നു. അവരെല്ലാവരും തന്നെ ഈ അനുഗ്രഹീതസമാധാനത്തിന്റെയും, സന്തോഷത്തിന്റെയും പങ്കുപറ്റുവാൻ ഭാഗ്യം സിദ്ധിച്ചവരത്രേ.


ഇതാണ് വെളിപാടും സമാധാനവും!

ലൈലത്തുൽ ഖദ്ർ നമ്മിലെ ആത്മീയാന്ധകാരത്തെ അകറ്റി, നമ്മെ പ്രകാശപൂരിതമാക്കുവാൻ സഹായിക്കുന്നു.

**ഇതിൽ പറഞ്ഞിരിക്കുന്ന സൂര്യോദയം, അല്ലാഹുവിന്റെ പ്രകാശം (നൂറെ-ഇലാഹി) ആകുന്നു. അത്, ഭക്തദാസരുടെ ഹൃദയങ്ങളിലേക്ക് ആഗതമാവുകയും, അവരിൽ നിന്നും ചുറ്റുപാടുകളിലേക്ക് വ്യാപരിക്കുകയും ചെയ്യുന്നു. അതിനാൽ എന്നെ കേട്ടുകൊണ്ടിരിക്കുകയും, വെബ്സൈറ്റിലൂടെ ഇത് വായിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന എന്റെ പ്രിയ സഹോദരങ്ങളെ, ഇങ്ങനെയാണ് അല്ലാഹുവിന്റെ പ്രകാശവുമായി പ്രവാചകൻ വരുന്നത് എന്ന് തിരിച്ചറിയുക. ആ പ്രവാചകന്റെ സാമീപ്യത്തിൽ കഴിയുന്നവർക്ക് (പിൻപറ്റിയവർക്ക്) അല്ലാഹുവിൽ നിന്നുള്ള കല്പനകളാകുന്ന ആത്മീയ ഫലങ്ങളും, ജലവും രുചിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിക്കുമാറാകും. പക്ഷേ, നിർഭാഗ്യവശാൽ, അദ്ദേഹത്തിന്റെ ആഗമനത്തെ പുച്ഛിച്ചു തള്ളുന്നവർ, വറ്റി വരണ്ടുണങ്ങി, മണവും ഗുണവും നഷ്ടപ്പെട്ട പേട്കായ്കളെ (വിളയാത്ത കായ്ഫലങ്ങൾ)പോലെയാണ്. അത്തരം ആളുകൾക്ക് വമ്പിച്ച നാശവും പരാജ**

**യവും. ലൈലത്തുൽ ഖദ്ർ സ്വാംശീകരിക്കുവാൻ ഭാഗ്യം സിദ്ധിച്ചവർ അനുഗ്രഹീതർ. അവർ സദാ സന്തോഷഭരിതരും ആയിരിക്കും.**

ആയതിനാൽ, ഈയവസരത്തിൽ എനിക്ക് നിങ്ങളോടു പറയാനുള്ളത്, അനുഗ്രഹീത റമദാനിലെ ഈ അസുലഭാവസരം നിങ്ങൾ ഓരോരുത്തരും സ്വായത്തമാക്കുവാൻ അങ്ങേയറ്റം പരിശ്രമിക്കുക തന്നെ ചെയ്യണം. പ്രത്യേകിച്ച് അതിലെ അവസാന പത്തു ദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി പ്രവർത്തിക്കുകയും, ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠതയാർന്ന ലൈലത്തുൽ ഖദ്ർ ന്റെ പുണ്യം സ്വായത്തക്കമാക്കുവാൻ തക്ക ആത്മീയ നിലവാരമുള്ള, അല്ലാഹുവിന്റെ തെരെഞ്ഞെടുക്കപ്പെട്ട ഭക്തദാസന്മാരായി മാറുവാൻ ഭാഗ്യമുള്ളവരായി തീരുകയും ചെയ്യണം. അങ്ങനെ നിങ്ങൾ ഈ റമദാനിൽ സ്വായത്തമാക്കുന്ന സദ്ഗുണങ്ങൾ വരും വർഷങ്ങളിലുടനീളം പ്രാവർത്തികമാക്കുകയും വേണം. ഈ അനുഗ്രഹീത മാസത്തിനു ശേഷം അതിന്റെ അനുഗ്രഹങ്ങൾ നിങ്ങളിൽ നിന്നും നഷ്ടപ്പെട്ടുപോകാതിരിക്കുവാൻ ശ്രമിക്കുക. അതായത് റമദാൻ കഴിയുമ്പോഴേക്കും, റമദാനിന്റെ പ്രകാശം കെട്ടുപോകുമാറ് ഭൗതീകമായ പഴയ ശീലങ്ങളിലേക്ക് നിങ്ങൾ കൂപ്പുകുത്താതിരിക്കുക. അല്ലാഹു(ത) നമ്മെ നേർമാർഗ്ഗത്തിൽ വഴി നടത്തുകയും, ലാ -ഇലാഹ ഇല്ലല്ലാഹ് യിൽ മുറുകെ പിടിക്കുന്നവരായി നിലനിർത്തുകയും ചെയ്യുന്നവരായി മാറ്റുവാനായി നമുക്ക് പ്രാർത്ഥിയ്ക്കാം. ഇൻശാഹ് അല്ലാഹ്-ലൈലത്തുൽ ഖദ്ർ കൊണ്ട് അല്ലാഹു(ത) നമ്മെയും അനുഗ്രഹിക്കുമാറാകട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ!



*Translated By :*
*Mukarram R. Jamaludin Raother*
*Fauzia Jamal Zain & Fazil Jamal*
*Issued By :*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*